443813/2023/DEA PD LSGD

I/173188/2024

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ : M.G. RAJAMANICKAM IAS)**

**വിഷയം :** തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - സെക്രട്ടറി Local Self Government Institutions കാറ്റഗറിയിൽ സ്റ്റോപ്പ് ഗ്യാപ് അറേഞ്ച്മെന്റ് ആയി താത്കാലിക സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:**
1) സ.ഉ (സാധാ) നം. 191/2022/എൽ എസ് ജി ഡി തീയതി 25.01.2022.
2) സർക്കാരിന്റെ 29.01.2014 തീയതിയിലെ 53352/ഇആർഎ2/19/തസ്വഭവ നമ്പർ കത്ത്.
3) സ.ഉ (പി) നം. 74/2022/എൽ എസ് ജി ഡി തീയതി 27.10.2022.
4) തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ടെ 22/11/2023 ലെ LSGD/PD/23298/2023/DEA3 നമ്പർ നടപടിക്രമം

**ഉത്തരവ് നമ്പർ : LSGD/PD/12511/2023-DEA2 തീയതി: 10-01-2024**

ഗ്രാമ വികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനും ബൈ ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിനും പി എസ് സി റാങ്ക് ലിസ്റ്റ് നിലവില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി നേരിട്ടുള്ള /ബൈട്രാൻസ്ഫർ നിയമന ശുപാർശ പി എസ് സി യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് റിവേർട്ട് ചെയ്യേണ്ടതാണ്, അഥവാ നേരിട്ടുള്ള നിയമനത്തിന് കാലതാമസമുണ്ടാകുന്ന പക്ഷം ജോയിന്റ് ബി.ഡി.ഒ./ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികകൾക്കായി മാറ്റിവച്ചിട്ടുള്ള തസ്തികകൾ പുന:ക്രമീകരിച്ച് നേരിട്ടുള്ള നിയമനത്തിനായി മാറ്റിവയ്ക്കേണ്ടതാണ് എന്ന നിബന്ധനയിലും, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികകളിൽ ഫീഡർ കാറ്റഗറിയിൽ നിന്നും സ്റ്റോപ്പ് ഗ്യാപ്പ് അറേൻജ്മെന്റ് ആയി KS&SSR part II Rule 31(a)(i) പ്രകാരം നിലവിലുള്ള ഒഴിവുകളിലേക്ക് താത്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ഗ്രാമ വികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ വകുപ്പിലെ ജോയിന്റ് ബ്ലോക്ക് ഡെവലപ്പമെന്റ് ഓഫീസർ/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും 4:1 അനുപാതത്തിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് നിലവിൽ വരികയും നിയമന ശിപാർശ ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് തരംതാഴ്ത്തപ്പെട്ടും എന്ന വ്യവസ്ഥയിൽ താൽകാലിക പ്രമോഷൻ നൽകി നിയമിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

മുൻ ഗ്രാമവികസന വകുപ്പിലെ ജീവനക്കാരും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരും ആയവർ ജോലി ചെയ്തിരുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ/ തത്തുല്യ തസ്തികകളിൽ പരാമർശം (4) പ്രകാരം നിലവിൽ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ സെക്രട്ടറി Local Self Government Institutions കാറ്റഗറിയിൽ പൊതു സ്ഥലംമാറ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി നിലവിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തികകൾ നികത്തപ്പെടുകയും ആയതിന് ആനുപാതികമായി സെക്രട്ടറി Local Self Government Institutions കാറ്റഗറിയിൽ ഉൾപ്പെട്ട മറ്റു തസ്തികകളിൽ ഒഴിവുണ്ടാകുകയും ചെയ്തിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് മുൻ ഗ്രാമവികസന വകുപ്പിലെ ജീവനക്കാരും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറി കാറ്റഗറിയിൽ ഉൾപ്പെട്ടുവരുന്നവരുന്ന തസ്തികകളിൽ ജോലി ചെയ്തുവരുന്ന അർഹരായ ജീവനക്കാർക്ക് സെക്രട്ടറി Local Self Government Institutions കാറ്റഗറിയിലേയ്ക്ക് സ്റ്റോപ്പ് ഗ്യാപ്പ് അറേൻജ്മെന്റ് ആയി താൽകാലിക സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. പരാമർശം (3) വിശേഷാൽ ചട്ടത്തിന്റെയും, സർക്കാർ അനുമതിയുടെയും അടിസ്ഥാനത്തിൽ മുൻ ഗ്രാമവികസന വകുപ്പിലെ ജീവനക്കാരും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറി കാറ്റഗറിയിൽ ഉൾപ്പെട്ട് വരുന്ന തസ്തികകളിൽ ജോലി ചെയ്തുവരുന്നവരിൽ

സീനിയറായിട്ടുള്ളതും, അച്ചടക്ക നടപടികൾ നിലവിലില്ലാത്തതുമായ ഉദ്യോഗസ്ഥർക്ക് 51400-110300 രൂപ ശമ്പള സ്കെയിലിൽ സെക്രട്ടറി Local Self Government Institutions കാറ്റഗറിയിലേയ്ക്ക് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്റ്റോപ്പ് ഗ്യാപ്പ് അറേൻജ്മെന്റ് ആയി താൽക്കാലിക സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ/ ഓഫീസുകളിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | സീനിയോറിറ്റി നം | പേര്, PEN, ഔദ്യോഗിക പദവി & നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നല്കി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | 1822 | ഗിരിജ.ജെ (272948)<br>ജോയിന്റ് ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ<br>ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്<br>പത്തനംതിട്ട | സെക്രട്ടറി<br>കൈപ്പമംഗലം ഗ്രാമ<br>പഞ്ചായത്ത്<br>തൃശ്ശൂർ |
| 2 | 1823 | സീന വി (201900)<br>ജോയിന്റ് ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ<br>ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്<br>കോട്ടയം | സെക്രട്ടറി<br>കൊക്കയാർ ഗ്രാമ<br>പഞ്ചായത്ത്<br>ഇടുക്കി |
| 3 | 1826 | അജി വി.കെ (201956)<br>ജോയിന്റ് ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ<br>കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്<br>എറണാകുളം | സെക്രട്ടറി<br>പന്നിയന്നൂർ ഗ്രാമ<br>പഞ്ചായത്ത്<br>കണ്ണൂർ |
| 4 | 1827 | വിനോദ് കുമാർ പി.പി (204778)<br>ജോയിന്റ് ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ<br>പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്<br>ആലപ്പുഴ | സെക്രട്ടറി<br>പുന്നയൂർക്കുളം ഗ്രാമ<br>പഞ്ചായത്ത്<br>തൃശ്ശൂർ |
| 5 | 1827A | കെ.ജയസിംഹൻ (402283)<br>അസിസ്റ്റന്റ് സെക്രട്ടറി<br>ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത്<br>കൊല്ലം | സെക്രട്ടറി<br>പയ്യാവൂർ ഗ്രാമ പഞ്ചായത്ത്<br>കണ്ണൂർ |
| 6 | 1828A | പി ജി ജോജോ (407861)<br>ജോയിന്റ് ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ<br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്<br>കൊല്ലം | സെക്രട്ടറി<br>വാത്തിക്കുടി ഗ്രാമ<br>പഞ്ചായത്ത്<br>ഇടുക്കി |
| 7 | 1829 | പ്രകാശ്.കെ (424701)<br>ജോയിന്റ് ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ<br>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്<br>പത്തനംതിട്ട | സെക്രട്ടറി<br>താമരശ്ശേരി ഗ്രാമ<br>പഞ്ചായത്ത്<br>കോഴിക്കോട് |
| 8 | 1834 | രഞ്ജിത്ത് ബിജുകുമാർ എം.റ്റി (202809)<br>ജോയിന്റ് ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ<br>ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്<br>കോട്ടയം | സെക്രട്ടറി<br>പൊഴുതന ഗ്രാമ പഞ്ചായത്ത്<br>വയനാട് |
| | | | |

| | | | |
|---|---|---|---|
| 9 | 17 (Final Seniority List of Hc/HA ) | നാരായണ നായിക്ക്.വി (204122)<br>ജോയിന്റ് ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ<br>മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്<br>കാസറഗോഡ് | സെക്രട്ടറി<br>മംഗൽപ്പാടി ഗ്രാമ പഞ്ചായത്ത്<br>കാസറഗോഡ് |
| 10 | 21 (Final Seniority List of Hc/HA ) | ബിജു പി.ജെ (203138)<br>അസിസ്റ്റന്റ് സെക്രട്ടറി<br>വഴിക്കടവ് ഗ്രാമ പഞ്ചായത്ത്<br>മലപ്പുറം | സെക്രട്ടറി<br>മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്<br>കണ്ണൂർ |
| 11 | 23 (Final Seniority List of Hc/HA ) | ആൽബർട്ട് ചാക്കോ (384690)<br>ജൂനിയർ സൂപ്രണ്ട്<br>നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത്<br>ഇടുക്കി | സെക്രട്ടറി<br>കാമാക്ഷി ഗ്രാമ പഞ്ചായത്ത്<br>ഇടുക്കി |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ( സെക്രട്ടറി Local Self Government Institutions കാറ്റഗറി ) തസ്തികയിൽ നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവില്ലാത്തതിനാൽ, ഈ സ്ഥാനക്കയറ്റ നിയമനം സ്റ്റോപ്പ് ഗ്യാപ്പ് അറേഞ്ച്മെന്റ് ആയി KS&SSR Part II Rule 31(a) (i) പ്രകാരം താല്ക്കാലികവും, നിയമന ശുപാർശ പി.എസ്.സി-യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഈ സ്ഥാനകയറ്റ നിയമനം റിവേർട്ട് ചെയ്യപ്പെടുന്നതുമാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ റിവേർട്ട് ചെയ്യാതെ തുടരുന്ന പക്ഷം, കേഡർ സ്റ്റെങ്ങ്തിൽ ഒഴിവ് വരുന്ന മുറയ്ക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി Local Self Government Institutions കാറ്റഗറിയിലെ സ്ഥാനക്കയറ്റ നിയമനം ക്രമീകരിച്ച് നൽകുന്നതും, അത്തരത്തിൽ സ്ഥാനക്കയറ്റ നിയമനം ക്രമീകരിയ്ക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം നിരീക്ഷണ കാലയളവുമായിരിക്കുന്നതാണ്.

**ടിയാളുകളുടെ ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ/ ഓഫീസുകളിലെ നിയമനം 2024 ലെ പൊതുസ്ഥലം മാറ്റത്തിൽ അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം നൽകുന്നതിലേക്കായി പുന:പരിശോധിക്കുന്നതായിരിക്കും. പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് ടിയാളുകളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്നപക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടി ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ അതേസ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**

ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരും അതാത് ഓഫീസ് മേധാവികളും ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതും വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

പകർപ്പ്:

1. ബന്ധപ്പെട്ട ജീവനക്കാർക്ക്.( ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം )
2. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക്.
3. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖ
4. ജൂനിയർ സൂപ്രണ്ട്, DED സെക്ഷൻ വിവരാവകാശ നിയമം 2005 പ്രകാരം വെബ് പ്രസിദ്ധീകരിയ്ക്കുന്നതിന്.
5. ജൂനിയർ സൂപ്രണ്ട്, DEH സെക്ഷൻ.
6. സീനിയർ സൂപ്രണ്ട്, GEA സെക്ഷൻ.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
M.g. rajamanickam Ias
Date: 10-01-2024 13:19:12